**01. ആമുഖം:** മലയാളകവിതയുടെ ചരിത്രത്തിലെ സുപ്രധാനമായ വഴിത്തിരിവായിരുന്നു ആധുനികതാവാദകവിത. കേരളത്തിലുണ്ടായ നവോത്ഥാനം മുതൽ സ്വാതന്ത്ര്യാനന്തര മോഹഭംഗങ്ങൾവരെ ആധുനികതാവാദകവിതയ്ക്ക് പ്രേരണനൽകിയ ചരിത്രസന്ദർഭങ്ങളാണ്. ഒപ്പം ലോകത്താകമാനം ഉയർന്നുവന്ന ആധുനികതാവാദകവിതകൾ മലയാളത്തിലെ കവികൾക്ക് ചില ഭാവമേഖലകൾ സമ്മാനിച്ചു. ഇംഗ്ലീഷ് സാഹിത്യവുമായി മലയാളസാഹിത്യം സൂക്ഷിച്ച മമതാബന്ധത്തിന്റെ സൂചകം കൂടിയാണ് മലയാളത്തിൽ പിറവിയെടുത്ത ആധുനികതാവാദകവിത. എൺപതുകളിലും തൊണ്ണൂറുകളിലും കേരളസമൂഹത്തിലുണ്ടായ അത്ഭുതകരമായ പരിണാമങ്ങൾ ആധുനികേതരമായ പുതിയൊരു ഭാവുകത്വാന്വേഷണത്തിലേക്ക് കവികളെ കൊണ്ടുചെന്നെത്തിച്ചു. ടെലിവിഷൻ, കമ്പ്യൂട്ടർ മൊബൈൽഫോൺ ഇവ സൃഷ്ടിച്ച അതിസാങ്കേതികതയും ഗൾഫ്/യൂറോപ്യൻ കുടിയേറ്റം, ഉദ്യോഗസ്ഥവൃന്ദം ഇവ സൃഷ്ടിച്ച നവസാമ്പത്തിക മണ്ഡലവും പുതിയ കാവ്യാന്വേഷണങ്ങൾക്ക് പ്രേരണയായി. കേരളചരിത്രത്തെയും സമൂഹപരിണാമത്തെയും ചേർത്തുവച്ചുകൊണ്ട് ആധുനികകവിതയെയും പുതുകവിതയെയും താരതമ്യംചെയ്ത് പഠിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. ഒപ്പം രണ്ടുതരത്തിലുള്ള അനുഭൂതിഘടനകളെന്നനിലയിൽ ആധുനികകവിതയെയും പുതുകവിതയെയും രൂപം, ഭാവം, ഭാവുകത്വം എന്നീ നിലകളിൽ അപഗ്രഥിക്കുന്നു.

**02. പരികല്പന** : ആധുനികകവിതയും പുതുകവിതയും വ്യത്യസ്ത ചരിത്രസന്ദർഭങ്ങളിൽ രൂപപ്പെട്ട കവിതാപ്രസ്ഥാനങ്ങളാണ്. രൂപം, ഭാവം, ഭാവുകത്വം എന്നീ

തലങ്ങളിൽ പരസ്പരം ഭിന്നമാണ് ആധുനികകവിതയും പുതുകവിതയും. പാരമ്പര്യ കാവ്യസങ്കല്പങ്ങളെ പുതുകവിത മറികടക്കാൻ ശ്രമിക്കുന്നുണ്ട്. അതേസമയം പാരമ്പര്യത്തോട് ചേർന്നുനിന്നായിരുന്നു ആധുനികകവികളുടെ കാവ്യപരീക്ഷണങ്ങൾ.

**03. പഠനലക്ഷ്യം**: ആധുനികകവിതയും പുതുകവിതയും തമ്മിലുള്ള വ്യത്യാസങ്ങളെ ചരിത്രം, രൂപം, ഭാവം, ഭാവുകത്വം എന്നീ തലങ്ങളിൽനിന്നുകൊണ്ട് അപഗ്രഥിച്ച് സമകാലികകവിതയുടെ വേറിട്ട സ്വത്വം അടയാളപ്പെടുത്തുകയാണ് പഠനലക്ഷ്യം.

**04. പഠനമേഖല:** അയ്യപ്പപ്പണിക്കർ, കടമ്മനിട്ട രാമകൃഷ്ണൻ, ഡി. വിനയചന്ദ്രൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, കെ. ജി. ശങ്കരപ്പിള്ള എന്നീ കവികളെ കേന്ദ്രീകരിച്ചാണ് ആധുനികകവിതാപഠനം നിർവ്വഹിച്ചിരിക്കുന്നത്. പുതുകവിതാപഠനം കവികളിൽ കേന്ദ്രീകരിച്ചവയല്ല. പുസ്തകരൂപത്തിൽ വന്നിട്ടുള്ളതും ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടതുമായ പുതുകവിതകളാണ് പഠനമേഖലയിലുള്ളത്.

**05. പൂർവ്വപഠനങ്ങൾ:** ആധുനികകവിതയെപ്പറ്റി നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. സച്ചിദാനന്ദൻ, എം.ഗംഗാധരൻ, പി.പി. രവിന്ദ്രൻ, കെ.പി. അപ്പൻ, വി.സി. ശ്രീജൻ, നരേന്ദ്രപ്രസാദ്, ഇ.പി.രാജഗോപാലൻ തുടങ്ങിയ നിരവധി നിരൂപകരും എഴുത്തുകാരും ആധുനികകവിതയെ സൈദ്ധാന്തികമായി പഠനവിധേയമാക്കി. അസ്തിത്വവാദം, മിത്ത്, ശൈലീവിജ്ഞാനം എന്നിവയെ മുൻനിർത്തി പല ആധുനികകവിതകളെയും പ്രത്യേകമായി അപഗ്രഥിക്കുന്ന ഗവേഷണപ്രബന്ധ

ങ്ങളുമുണ്ട്. പുതുകവിതയെ സംബന്ധിച്ചുള്ള പഠനങ്ങൾ സി. ആർ. പ്രസാദ്, എൻ പ്രഭാകരൻ, ദേവേശൻ പേരൂർ, എൽ. തോമസുകുട്ടി, എം. ബി. മനോജ്, എന്നിവരുടെ ഗ്രന്ഥങ്ങളിലും അനുകാലികങ്ങളിൽവന്ന ചർച്ചകളിലും ഒതുങ്ങുന്നു.

**06. പ്രസക്തി :** ആധുനികകവിതയെയും പുതുകവിതയെയും താരതമ്യം ചെയ്തു കൊണ്ടുള്ള ഗവേഷണപഠനം മലയാളത്തിൽ മുമ്പ് ഉണ്ടായിട്ടില്ല. ആധുനികകവിതയും പുതുകവിതയും പ്രതിനിധാനം ചെയ്യുന്ന ചരിത്രസന്ദർഭങ്ങളിലുള്ള വ്യത്യാസം അപഗ്രഥിച്ച് രൂപഭാവഭാവുകത്വങ്ങളെ അടയാളപ്പെടുത്താനുള്ള ശ്രമമാണ് ഈ ഗവേഷണപ്രബന്ധം.

**07. പഠനപരിമിതി:** അയ്യപ്പപ്പണിക്കർ, കടമ്മനിട്ട രാമകൃഷ്ണൻ, ഡി. വിനയചന്ദ്രൻ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നീ കവികളുടെ കവിതകൾ മാത്രമാണ് ആധുനികതയുടെ ഭാഗമായി പഠനവിധേയമാക്കിയിരിക്കുന്നത്. പുതുകവിതയിലെ വിവിധ ഭാവമേഖലകളെ അവതരിപ്പിക്കുന്നുണ്ടെങ്കിലും സ്ത്രീകവിതകൾ പ്രത്യേക പഠനം ആവശ്യപ്പെടുന്നതിനാൽ ഈ പ്രബന്ധത്തിൽ അത് പരിഗണിക്കുന്നില്ല. ഗവേഷണ പരിധിക്കപ്പുറത്തുള്ള ബ്ലോഗ്കവിതകളെയും പഠന മേഖലയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**08. അദ്ധ്യായവിഭജനം:** പഠന സൗകര്യത്തിനായി പ്രബന്ധത്തെ ആറ് അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു.

**8.1 അദ്ധ്യായം ഒന്ന്,**

**ആധുനികകവിത : പശ്ചാത്തലം**

ആധുനികതയുടെ സൈദ്ധാന്തിക പശ്ചാത്തലമെന്ന നിലയിൽ നവോത്ഥാനത്തെ വിശകലനംചെയ്യുന്നു. കേരളനവോത്ഥാനത്തിന്റെയും നവോത്ഥാനകാലത്തിന്റെ സാഹിത്യപ്രസ്ഥാനമായ കാല്പനികതയെയും അവതരിപ്പിച്ച് കാല്പ

നികതയ്ക്കും ആധുനികതയ്ക്കുമിടയിലെ ദൂരങ്ങളെ ഈ അദ്ധ്യായത്തിൽ അടയാളപ്പെടുത്തുന്നു. ആധുനികകവിതയ്ക്ക് പ്രേരണയായ സ്വാതന്ത്ര്യാനന്തരമോഹഭംഗങ്ങൾ, പാശ്ചാത്യ ആധുനികതാവാദം മുമ്പോട്ടുവച്ച അസ്തിത്വദർശനം, ഒർട്ടേഗോ ഗാസറ്റിന്റെ കലാചിന്തകൾ, സർറിയലിസം പോലുള്ള നൂതന കലാതന്ത്രങ്ങൾ എന്നിവയെ ഈ അദ്ധ്യായത്തിൽ അപഗ്രഥിച്ച് ആധുനികകവിതയുടെ പശ്ചാത്തലം പ്രതിപാദിക്കുന്നു.

**8.2 അദ്ധ്യായം രണ്ട്**

**ആധുനികകവിത: രൂപം, ഭാവം, ഭാവുകത്വം**

ആധുനികകവിതയെ ഒരു ലാവണ്യഘടന എന്ന നിലയിൽ അതിന്റെ രൂപപരവും ഭാവപരവുമായ സവിശേഷതകളെ അടയാളപ്പെടുത്തുന്നു. കാവ്യരൂപത്തിലും പ്രമേയത്തിലും ആധുനികത സ്വീകരിച്ച നിലപാടുകളെ ഇവിടെ സൂക്ഷ്മമായി നിരീക്ഷിച്ച് ആധുനികതയുടെ പ്രത്യയശാസ്ത്രവിവക്ഷകളെ ഈ അദ്ധ്യായത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ആധുനികകവിതയിലെ കാലസങ്കൽപം, പ്രണയസങ്കൽപം എന്നിവ പ്രത്യേകമായി അപഗ്രഥിക്കുന്ന ഈ അദ്ധ്യായത്തിൽ ആധുനികകവിതകളിലെ ഫ്യൂഡൽ മുദ്രകളെയും പാരമ്പര്യ സൂചകങ്ങളെയും വിശകലനംചെയ്ത് വിവരിക്കുന്നു.

**8.3 അദ്ധ്യായം മൂന്ന്**

**പുതുകവിത: പശ്ചാത്തലം**

പുതുഭാവുകത്വത്തിന് പ്രേരകമായ ചരിത്രസന്ദർഭങ്ങളെ ക്രോഡീകരിക്കുകയാണ് ഈ അദ്ധ്യായത്തിൽ. കേരളീയജീവിതം അത്ഭുതകരമാംവിധം പരിണാമങ്ങൾക്ക് വിധേയമായ കാലമാണ് 1990 മുതൽ 2000 വരെയുള്ള കാലം. ആഗോളവൽകരണവും സാങ്കേതികവിപ്ലവവും ചേർന്ന പുതിയ ജീവിതസന്ദർഭം ആവശ്യപ്പെടുന്ന ഭാവുകത്വമാണ് പുതുകവിതയുടേത്. സാങ്കേതികത, സംസ്കാരം,

സമ്പത്ത്, മതം എന്നീ രംഗങ്ങളിലുണ്ടായ മാറ്റങ്ങൾ അപഗ്രഥിച്ച് പുതിയ കവിതയ്ക്ക് വഴിയൊരുക്കിയ ജീവിതസന്ദർഭങ്ങളെ ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു.

**8.4 അദ്ധ്യായം നാല്**

**പുതുകവിത: രൂപം, ഭാവം, ഭാവുകത്വം.**

പുതുകവിതയുടെ സൗന്ദര്യശാസ്ത്രത്തെ വിശകലനം ചെയ്യുകയാണ് ഈ അദ്ധ്യായത്തിൽ. പാരമ്പര്യഭിന്നമായ രൂപഭാവങ്ങളാണ് പുതുകവിത മുമ്പോട്ടുവച്ചത്. പുതുകവിതയുടെ പ്രത്യേകതകളെ ഈ അദ്ധ്യായത്തിൽ അപഗ്രഥിച്ചിരിക്കുന്നു. പുതുകവിതയിലെ ലളിതമായ ആഖ്യാനശൈലി, പാർശ്വവീക്ഷണം, പാരിസ്ഥിതികാവബോധം, ബാലഭാവനയുടെ സമൃദ്ധി എന്നീ ഘടകങ്ങളെ പ്രത്യേകം പഠനവിധേയമാക്കിയിരിക്കുന്നു.

**8.5 അദ്ധ്യായം 5**

**പുതുകവിതയും ആധുനികകവിതയും: ഭാഷാപരവും ഘടനാപരവുമായ പ്രത്യേകതകൾ**

കാവ്യഭാഷയെക്കുറിച്ചുള്ള സാമ്പ്രദായിക നിർവ്വചനങ്ങളുടെയും മലയാളത്തിലെ കാവ്യഭാഷയുടെ ക്രമികമായ വികാസത്തിന്റെയും പശ്ചാത്തലത്തിൽ ആധുനികകവിതയുടെയും പുതുകവിതയുടെയും ഭാഷാക്രമങ്ങളെ ഈ അദ്ധ്യായത്തിൽ നിരീക്ഷിക്കുന്നു. ലീലാതിലകത്തിലെ ഭാഷാദർശനത്തിൽ ആരംഭിച്ച് പ്രാസവാദം, പച്ചമലയാളപ്രസ്ഥാനം തുടങ്ങി കാവ്യഭാഷയിലെ ആധുനീകരണ സംവാദങ്ങൾവരെ ഇവിടെ അപഗ്രഥന വിധേയമാക്കുന്നു. അവതരണകവിത, ഗദ്യകവിത തുടങ്ങിയ നൂതന പ്രവരണതകളെയും ഇന്ന് കാവ്യഭാഷയും വ്യവഹാരഭാഷയും തമ്മിൽ ഇന്ന് നിലനിൽക്കുന്ന പാരസ്പര്യത്തേയും ഈ അദ്ധ്യായത്തിൽ

വിശകലനം ചെയ്യുന്നു. തുടർന്ന് ആധുനികകവിതയുടെയും പുതുകവിതയുടെയും ഭാഷാപരവും ഘടനാപരവുമായ സവിശേഷതകളെ താരതമ്യം ചെയ്തിരിക്കുന്നു.

**8.6 അദ്ധ്യായം ആറ്**

**ആധുനികകവിതയും പുതുകവിതയും: താരതമ്യം**

ആദ്യത്തെ അദ്ധ്യായങ്ങളിലായി അവതരിപ്പിക്കപ്പെട്ട ചരിത്രസന്ദർഭങ്ങൾ രൂപം, ഭാവം, ഭാവുകത്വം എന്നീ തലങ്ങളുടെ വെളിച്ചത്തിൽ ആധുനികകവിതയെയും പുതുകവിതയെയും ഈ അദ്ധ്യായത്തിൽ സമഗ്രമായി താരതമ്യം ചെയ്തിരിക്കുന്നു. തുടർന്ന് കെ. ജി. ശങ്കരപ്പിള്ളയുടെ "കൊച്ചിയിലെ വൃക്ഷങ്ങൾ", കെ. ആർ ടോണിയുടെ "ശിഷ്ടം", ഡി. വിനയചന്ദ്രന്റെ "വീട്ടിലേക്കുള്ള വഴി", പവിത്രൻ തിക്കുനിയുടെ "വീട്ടിലേക്കുള്ള വഴികൾ" എന്നീ കവിതകളെ താരതമ്യം ചെയ്തിരിക്കുന്നു.

**8.7 ഉപസംഹാരം**

ഉപസംഹാരത്തിൽ മുൻ അദ്ധ്യായങ്ങളിൽ അവതരിപ്പിച്ചിരിക്കുന്ന നിരീക്ഷണങ്ങളും നിഗമനങ്ങളും ക്രോഡീകരിച്ചിരിക്കുന്നു.

വ്യത്യസ്തമായ ചരിത്രസന്ദർഭങ്ങളിൽ രൂപംകൊണ്ട പ്രസ്ഥാനങ്ങളാണ് ആധുനികകവിതയും പുതുകവിതയും. നവോത്ഥാനാനന്തരം ഉണ്ടായ നവസമൂഹവും സ്വാതന്ത്ര്യാനന്തര മോഹഭംഗങ്ങളും കാല്പനികേതരമായ കാവ്യാന്വേഷണങ്ങളും ചേർന്ന ചരിത്രസന്ദർഭമാണ് ആധുനികകവിതയ്ക്കു പ്രേരണയായത്. തൊണ്ണൂറുകളിലുണ്ടായ സാങ്കേതികവിപ്ലവവും കുടിയേററവും സൃഷ്ടിച്ച നവസാമ്പത്തികമണ്ഡലവും പുതിയ ജീവിതസന്ദർഭങ്ങളുമാണ് ആധുനികേതരഭാവുകത്വത്തിൽ മലയാളകവിതയെ കൊണ്ടുചെന്നെത്തിച്ചത്.

കാവ്യഭാഷയുടെ സൗന്ദര്യമൂല്യം നിലനിറുത്തിക്കൊണ്ടായിരുന്നു എല്ലാത്ത രത്തിലുമുള്ള കാവ്യപരീക്ഷണങ്ങൾക്കും ആധുനികകവിത ഇറങ്ങിപ്പുറപ്പെട്ടത്. രൂപതലത്തിൽ പുതുകവിത വലിയ വിപ്ലവങ്ങൾ സാധ്യമാക്കി. കാവ്യഭാഷയുടെ ഘടനയും ശൈലിയും പൊളിച്ചെഴുതി. കാവ്യഭാഷ എന്നൊന്നില്ല എന്ന് ചില പുതുകവികൾ തെളിയിച്ചുകൊണ്ടിരിക്കുന്നു. വ്യവഹാരഭാഷയും കാവ്യഭാഷയും തമ്മിലുള്ള വേർതിരിവ് ഇന്ന് അപ്രസക്തമായിരിക്കുന്നു.

പാരമ്പര്യത്തെ ആശ്രയിക്കുന്ന കാവ്യസംസ്കാരമാണ് ആധുനിക കവി കൾക്കെങ്കിൽ പാരമ്പര്യത്തിന്റെ നിരാകരണം പുതുകവിതകളിൽ ദൃശ്യമാണ്. ആധുനിക കവികളുടെ ഭാഷാശൈലിയിലും ഘടനയിലും പ്രമേയത്തിലും പാര മ്പര്യത്തോടുള്ള വിധേയത്വം കാണാമായിരുന്നു. പുതുകവികൾക്ക് ഇത്തരം വിധേ യത്വങ്ങളില്ല.

ഭാഷാപരവും രൂപപരവുമായി ആധുനികകവിതയെ സ്വാധീനിച്ച കലാരൂപം ചിത്രകലയാണ്. ചിത്രകലാസങ്കേതങ്ങളായ ക്യൂബിസം, എക്സപ്രഷണിസം ആധുനികകവിതയിൽ വ്യാപകമായി കവികൾ ഉപയോഗിച്ചു. പുതുകവിതയെ സ്വാധീനിച്ചത് ദൃശ്യമാധ്യമങ്ങൾ, നവമാധ്യമങ്ങൾ, മൊബൈൽസാങ്കേതികവിദ്യ, സിനിമ തുടങ്ങിയ ഘടകങ്ങളായിരുന്നു. ഭാഷയിലും ആഖ്യാനത്തിലും ഈ ഘട കങ്ങൾ പുതുകവിതയെ സ്വാധീനിച്ചു.

ഇതിവൃത്തപരമായി ആധുനികകവിതയും പുതുകവിതയും വിപരീതധ്രുവ ങ്ങളിലാണ് നിലയുറപ്പിച്ചിട്ടുള്ളത്. ആധുനികകവിത അവഗണിച്ച വിഷയങ്ങളും സന്ദർഭങ്ങളും സവിശേഷമായി പുതുകവിത സ്വീകരിച്ചു.

വ്യക്തിയുടെ അസ്തിത്വാന്വേഷണങ്ങളായിരുന്നു ആധുനികതയുടെ മുഖ്യ പ്രമേയം. അസ്തിത്വവാദം പോലുള്ള ദർശനപദ്ധതികളും ആധുനികകവിതയ്ക്കു

പിന്തുണ നല്കി. പുതുകവിത സ്വത്വത്തെ അതിന്റെ സൂക്ഷ്മതലത്തിൽ നോക്കി ക്കാണുന്നു. ആധുനികാനന്തരം ഉയർന്നുവന്ന സൂക്ഷ്മരാഷ്ട്രീയമാണ് പുതുക വിതയ്ക്കു പിന്തുണ നല്കുന്ന ഘടകം. ആധുനികകവിത ഒരൊറ്റ പ്രസ്ഥാനമാ യിരുന്നുവെങ്കിൽ ദളിത്,സ്ത്രീ എന്നിങ്ങനെ അനേകം ഗണങ്ങൾ പുതുകവിത യിൽ ദൃശ്യമാണ്. പ്രാന്തീയമായ കർതൃത്വങ്ങളുടെ പക്ഷം ചേരുന്ന നിലപാടാണ് പുതുകവിതയുടേത്.

മനുഷ്യകേന്ദ്രീകൃതമായ ലോകവീക്ഷണമാണ് ആധുനികകവിതകളുടേതെ ങ്കിൽ പുതുകവിതയിൽ മനുഷ്യനെയും ചുറ്റുപാടുകളെയും ജീവജാലങ്ങളെയും സൂക്ഷ്മലോകത്തെയും സവിശേഷമായി പരിഗണിക്കുന്നു.

ആധുനികകവിതയെ ജനങ്ങളിലെത്തിച്ചതിൽ ജനാധിപത്യവേദികൾ വലിയ പങ്കു വഹിച്ചു. ചൊൽക്കാഴ്ചകൾ ആധുനികകവിതയെ വളർത്തി. പുതുകവിത യുടെ കാലം ജനാധിപത്യവേദികൾ അസ്തമിച്ചുതുടങ്ങിയ കാലമാണ്. പക്ഷേ, നവമാധ്യമങ്ങളായ ഫേയ്സ്ബുക്ക്, ബ്ലോഗ് തുടങ്ങിയവയും പുതിയ സാങ്കേതികവിദ്യകളും പുതുകവിതയെ വളർത്തുന്നതിൽ കാര്യമായ പങ്കുവഹി ക്കുന്നുണ്ട്.

ഭാവുകത്വപരമായി ആധുനികതയുടെ ജനപ്രിയതയ്ക്ക് ഒപ്പം വളരുവാൻ പുതുകവിതയ്ക്ക് ഇനിയും സാധിച്ചിട്ടില്ല. പുതുകവിതയുടെ ഭാവുകത്വപരിസരം അത്യധികം വ്യത്യസ്തമാണ്. ഏകസ്വരതയ്ക്കു (Univocalism) പകരം ബഹു സ്വരതയാണ് (Polyhonic) ഈ ഭാവുകത്വം മുമ്പോട്ടുവയ്ക്കുന്നത്. പുതുകവിത യിൽ ഇന്ന് നവീകരണം നടപ്പാക്കിക്കൊണ്ട് യുവതലമുറക്കവികൾ രംഗപ്രവേശം ചെയ്തിരിക്കുന്നു. ഇവർ പുതുകവിതയെ പുതിയ പന്ഥാവുകളിലേക്കു നയിക്കു ന്നു. രൂപതലത്തിലും ഭാവതലത്തിലും തൊണ്ണൂറുകളിൽനിന്നും ഭിന്നമാണ് ഇവരുടെ നിലപാടുകൾ. വ്യത്യസ്തമായ ഒരു ഭാവുകത്വമായി ഇതു വളർന്നാൽ

മലയാളത്തിൽ പുതുകവിതയ്ക്കുശേഷം പുതിയൊരു കവിതാസങ്കല്പം രൂപപ്പെട്ടേക്കാം.

**പ്രബന്ധത്തിലെ നിഗമനങ്ങളെ താഴെപ്പറയുന്ന പ്രകാരം ക്രോഡീകരിക്കുന്നു.**

1. ആധുനികകവിതയും പുതുകവിതയും പ്രതിനിധാനം ചെയ്യുന്ന ചരിത്രസന്ദർഭങ്ങൾ വ്യത്യസ്തമാണ്. സ്വാതന്ത്ര്യാനന്തരമോഹഭംഗങ്ങളും പാശ്ചാത്യ ആധുനികതാവാദവും മലയാളത്തിലെ കാൽപനികേതരമായ അന്വേഷണങ്ങളും ചേർന്ന ചരിത്രസന്ദർഭമാണ് ആധുനികകവിതയുടേത്. തൊണ്ണൂറുകൾക്കുശേഷമുണ്ടായ ആഗോളവൽകരണം, ഉദാരവൽകരണം, സാങ്കേതികവിപ്ലവം എന്നിവ ചേർന്ന ചരിത്രസന്ദർഭത്തിന്റെ ഉൽപന്നമാണ് പുതുകവിത.
2. ആധുനികകവിതയും പുതുകവിതയും രൂപം, ഭാവം, ഭാവുകത്വം എന്നീ തലങ്ങളിൽ പരസ്പരം ഭിന്നമാണ്.
3. ആധുനികകവിതയിൽ വ്യത്യസ്തമായ നാല് ഭാവുകത്വങ്ങൾ കടന്നുവരുന്നുണ്ട്. (ഒന്ന്) മലയാളത്തിൽ പാശ്ചാത്യ മാതൃകയിൽ എഴുതപ്പെട്ട ആധുനികകവിതകൾ. (രണ്ട്) ഭാരതീയ സംസ്കാരത്തിന്റെ പ്രത്യേകതകളെ സ്വാംശീകരിച്ച് ഇവിടെ വളർന്ന തദ്ദേശീയാധുനികകവിതകൾ. (മൂന്ന്) കേരളത്തിലെ നാടോടി സംസ്കാരവുമായി സമന്വയിച്ച് ഇവിടെയുണ്ടായ ആധുനികനാടോടി കവിതകൾ. (നാല്) അടിയന്താരവാസ്ഥയുടെയും തീവ്രഇടതുപക്ഷാഭിമുഖ്യത്തിന്റെയും ഫലമായി എഴുപതുകളിൽ രൂപംകൊണ്ട രാഷ്ട്രീയാധുനികകവിതകൾ.
4. ആധുനികത പാർശ്വവൽക്കരിച്ച പ്രമേയങ്ങളെ പുതുകവിത സവിശേഷമായി പരിഗണിക്കുന്നു.
5. പുതുകവിതയ്ക്കുള്ളിൽ വ്യത്യസ്തമായ ഭാവുകത്വമായി യുവകവികൾ രംഗപ്രവേശം ചെയ്തിരിക്കുന്നു. ഇവരുടെ കാവ്യസങ്കൽപം തൊണ്ണൂറുകളിലെ പുതുകവിതയിൽ നിന്നും വ്യത്യസ്തമാണ്.